## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-ഇടമലക്കുടി ഗ്രാമപഞ്ചായത്ത്-പദ്ധതി നടത്തിപ്പ്-സംസ്ഥാന തല കോ-ഓർഡിനേഷൻ സമിതി തീരുമാന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ)നം.188/2014/തസ്വഭവ. തിരുവനന്തപുരം, തീയതി 20.01.2015.

---

പരാമർശം:-1.സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 10.12.14-ലെ 2.3 നമ്പർ തീരുമാനം.
2.സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 17.12.14-ലെ 2.2.5 നമ്പർ തീരുമാനം.

### ഉത്തരവ്

ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പരാമർശങ്ങളിലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഇടമലക്കുടി ഗ്രാമപഞ്ചായത്തിനു മാത്രമായി ചുവടെ ചേർത്തിട്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. അടിയന്തിര സാഹചര്യങ്ങളിൽ രോഗികളേയും അപകടങ്ങളിൽ പ്പെടുന്നവരേയും ആശുപത്രിയിൽ എത്തിക്കുന്നതിനും ചികിത്സക്കും കൂട്ടിരുപ്പുകാർക്കും ഉണ്ടാകുന്ന കണ്ടിജൻസി ചെലവുകൾ ഗ്രാമപഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകുന്നു. ഇതിന്റെ ഉയർന്ന പരിധി നിശ്ചയിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

2. ഗ്രാമപഞ്ചായത്തിന്റെ വാഹനം പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കല്ലാതെ മറ്റു വകുപ്പുകളുടെ ജോലികൾക്കായി മേലിൽ വിട്ടു നൽകാൻ പാടില്ല.

3. ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സിമെന്റ്, കമ്പി തുടങ്ങിയവ തലച്ചുമടായി എത്തിക്കുന്നതിന് നിലവിലുള്ള നിരക്കായ 10 രൂപ 50 പൈസ എന്നുള്ളത് 20 രൂപയായി ഉയർത്തുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ജെസ്സി ജോർജ്ജ്
ഗവ.അണ്ടർ സെക്രട്ടറി.

1) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2) സെക്രട്ടറി, ഇടമലക്കുടി ഗ്രാമപഞ്ചായത്ത്.
3) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
4) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.